## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1344 — 04.12.2014 ൽ മറുപടിയ്ക്ക്

### ഓണക്കിറ്റ് വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ബി.പി.എൽ കുടുംബങ്ങൾക്ക് നൽകി വരുന്ന ഓണക്കിറ്റ് ഈ വർഷത്തെ ഓണത്തിന് വിതരണം ചെയ്യുകയുണ്ടായോ ; | (എ) വിതരണം ചെയ്തിരുന്നു. |
| (ബി) ഓണക്കിറ്റിനർഹതപ്പെട്ട ബി.പി.എൽ കുടുംബങ്ങൾ എത്രയാണ് ; ഇതിൽ എത്ര പേർക്ക് കിറ്റ് വിതരണം ചെയ്തു ; | (ബി) റേഷൻ കാർഡ് ഹാജരാക്കിയ 15,27,644 ബി.പി.എൽ കുടുംബങ്ങൾക്ക് സൗജന്യ ഓണക്കിറ്റ് വിതരണം നടത്തിയിട്ടുണ്ട്. |
| (സി) ഓണക്കിറ്റ് വിതരണം ചെയ്യാൻ സിവിൽ സപ്ലൈസ് കോർപ്പറേഷന് എത്ര രൂപ അനുവദിച്ചിട്ടുണ്ടായിരുന്നു ; ഏത് തീയതിയിൽ ; | (സി) ഓണക്കിറ്റ് വിതരണം ചെയ്യാൻ സിവിൽ സപ്ലൈസ് കോർപ്പറേഷന് ഇതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല. |
| (ഡി) മുൻ വർഷം എത്ര കോടി രൂപ പ്രസ്തുത ഇനത്തിൽ ധനകാര്യ വകുപ്പിൽ നിന്നും നൽകുകയുണ്ടായി ; ദുരിതാശ്വാസ നിധിയിൽ നിന്നും നൽകിയത് എത്ര ; | (ഡി) ബി.പി.എൽ കുടുംബങ്ങൾക്ക് ഓണക്കിറ്റ് വിതരണം ചെയ്യുവാൻ 2013-2014 സാമ്പത്തിക വർഷം സപ്ലൈകോയ്ക്ക് ധനകാര്യ വകുപ്പിൽ നിന്നോ ദുരിതാശ്വാസ നിധിയിൽ നിന്നോ തുകയൊന്നും അനുവദിച്ചിട്ടില്ല. |
| (ഇ) ഓണത്തിന് വിപണിയിൽ ഇടപെടാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സർക്കാരിനോട് ആവശ്യപ്പെട്ട തുക എത്രയായിരുന്നു ; ഓണത്തിന് മുമ്പ് എന്ത് തുക ഇതിൽ അനുവദിച്ചു കിട്ടിയെന്ന് അറിയിക്കുമോ ? | (ഇ) 2014-2015 സാമ്പത്തിക വർഷത്തേയ്ക്ക് ബജറ്റിൽ അനുവദിച്ച 65 കോടി രൂപയ്ക്കു പുറമേ ഓണത്തിന് വിപണിയിൽ ഇടപെടാൻ സപ്ലൈകോ സർക്കാരിനോട് 50 കോടി രൂപ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ബജറ്റ് തുക മാത്രമാണ് അനുവദിച്ച് നൽകിയത് |

Beena

സെക്ഷൻ ഓഫീസർ